**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 299** **09-10-2025 - ൽ മറുപടിയ്ക്ക്**

**കാലിത്തീറ്റയുടെയും കോഴിത്തീറ്റയുടെയും ഗുണനിലവാരം ഉറപ്പാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. യു. ആർ. പ്രദീപ്,<br>ശ്രീ ഡി കെ മുരളി | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നതും വിപണനം ചെയ്യുന്നതുമായ വിവിധ ഇനം കാലിത്തീറ്റയുടെയും കോഴിത്തീറ്റയുടെയും ഗുണനിലവാരം ഉറപ്പാക്കുന്നതിനും കാലിത്തീറ്റ വ്യാപാരം നിയമപരമാക്കുന്നതിനും ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; | (എ) | കേരളത്തിൽ കന്നുകാലി വളർത്തലും കോഴിവളർത്തലും പ്രധാനപ്പെട്ട ഉപജീവനമാർഗ്ഗങ്ങളാണ്. എന്നാൽ ഈ മേഖലകൾ അഭിമുഖീകരിക്കുന്ന ഏററവും പ്രധാന പ്രശ്നമാണ് തീറ്റയുടെ ഗുണമേന്മ . ഗുണനിലവാരമില്ലാത്ത തീറ്റ നൽകുന്നതുകാരണം ഉൽപാദനക്കുറവ് മുതൽ ജന്തുക്കളുടെ ആരോഗ്യത്തെവരെ പ്രതികൂലമായി ബാധിക്കുന്ന അവസ്ഥ നിലനിൽക്കുന്നുണ്ട്.<br><br>സർക്കാർ മേഖലയിലും സഹകരണ മേഖലയിലും ഉൽപാദിപ്പിക്കുന്ന കന്നുകാലിത്തീറ്റയും, കോഴിത്തീറ്റയും സംസ്ഥാനത്ത് ലഭ്യമാണ്. എന്നാൽ ആവശ്യകത കൂടുതലായതിനാൽ തന്നെ ഒട്ടേറെ സ്വകാര്യകമ്പനികളും ഈ മേഖലയിൽ വിൽപ്പന നടത്തുന്നുണ്ട്. കന്നുകാലികൾക്കും കോഴികൾക്കും ആരോഗ്യകരവും. അവയുടെ വളർച്ചയ്ക്കും. ഉല്പാദനത്തിനും ആവശ്യമായ പോഷകങ്ങൾ വേണ്ട അനുപാതത്തിൽ ചേർത്ത തീറ്റ ലഭ്യമാക്കേണ്ടത് സർക്കാറിന്റെ ഉത്തരവാദിത്വമാണ് എന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നതും വിപണനം ചെയ്യുന്നതുമായ വിവിധ ഇനം കാലിത്തീറ്റയുടെയും കോഴിത്തീറ്റയുടെയും ഗുണനിലവാരം ഉറപ്പാക്കുന്നതിനും കാലിത്തീറ്റ വ്യാപാരം നിയമപരമാ ക്കുന്നതിനും സംസ്ഥാന സർക്കാർ 2023-ലെ കേരള കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ, ധാതുലവണമിശ്രിതം (നിർമ്മാണവും സംഭരണവും വിതരണവും വിൽപനയും നിയന്ത്രിക്കലും ഗുണനിലവാരം ഉറപ്പാക്കലും) നിയമം ആവിഷ്കരിച്ചിട്ടുണ്ട്. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിനു 2023 നവംബർ 12-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു. |

ഈ ആക്ട് പ്രകാരം നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള നിബന്ധനകൾ പാലിച്ച് ഫീസ് അടച്ച് സാധുതയുള്ള ഒരു ലൈസൻസ് കൈവശമുള്ള ആളിനു മാത്രമെ കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ, ധാതുലവണമിശ്രിതം എന്നിവ നിർമ്മിക്കുവാനോ സംഭരിക്കുവാനോ വിതരണം ചെയ്യുവാനോ അനുമതി ഉണ്ടായിരിക്കുകയുള്ളൂ.

അതുപോലെ സംസ്ഥാനത്തിന് പുറത്ത് ഉൽപാദിപ്പിക്കുന്നതോ നിർമ്മിക്കുന്നതോ ആയ കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ, ധാതുലവണമിശ്രിതം എന്നിവയുടെ സംസ്ഥാനത്തിനകത്തെ സംഭരണമോ വിതരണമോ വിൽപനയോ നടത്തുന്ന തിനും ലൈസൻസ് നേടേണ്ടതുണ്ട്. പ്രസ്തുത നിയമവുമായി ബന്ധപ്പെട്ട ചട്ടങ്ങളും, റെഗുലേഷനുകളും തയ്യാറാക്കി വരുകയാണ്.ഈ നിയമം പ്രാബല്യത്തിൽ വരുന്നതോടു കൂടി കേരളത്തിൽ വില്പന നടത്തുന്ന കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ, ധാതുലവണ മിശ്രിതം എന്നിവയുടെ ഗുണനിലവാരം ഉറപ്പാക്കുവാൻ സാധിക്കുന്നതാണ്.

പൊതുമേഖലാ സ്ഥാപനമായ കേരള ഫീഡ്സ് ലിമിറ്റഡ് കാലിത്തീറ്റകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ആവശ്യമായ സംവിധാനങ്ങൾ കമ്പനി യുടെ എല്ലാ കാലിത്തീറ്റ പ്ലാന്റുകളിലും സജ്ജീകരിച്ചിട്ടുണ്ട്. കാലിത്തീറ്റയ്ക്കും കാലി ത്തീറ്റയിൽ ചേർക്കുന്ന എല്ലാ അസംസ്കൃത വസ്തുക്കൾക്കും നിശ്ചിത ഗുണനിലവാര മുണ്ടെന്ന് ഉറപ്പാക്കുന്നു. ഇവ പരിശോധി ക്കാനും ഉറപ്പാക്കാനും എല്ലാ കാലിത്തീറ്റ പ്ലാന്റിലും ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ ലാബുകളിൽ കാലിത്തീറ്റ ഉത്പാദനത്തിന്റെ വിവിധ ഘട്ടങ്ങളിൽ ഗുണമേന്മ ഉറപ്പുവരുത്തുന്നുണ്ട്.

**ആലപ്പുഴ ജില്ലയിലെ പട്ടണക്കാട്, പാലക്കാട് ജില്ലയിലെ മലമ്പുഴ എന്നിവിടങ്ങളിലായി സ്ഥിതി ചെയ്യുന്ന രണ്ട് കാലിത്തീറ്റ ഫാക്ടറികൾ സ്വയംഭരണ സ്ഥാപനമായ മിൽമയ്ക്കുണ്ട് .**

**ഈ ഫാക്ടറികളിൽ കാലിത്തീറ്റയുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും കാലിത്തീറ്റ വ്യാപാരം ഉറപ്പുവരുത്തുന്നതിനായി ഓരോ അസംസ്കൃത വസ്തുവിന്റെയും ഗുണനിലവാര ഘടകങ്ങൾക്ക് പരിധി നിശ്ചയിച്ചു കൊണ്ട് അപ്രകാരമുള്ളവ മാത്രമാണ് വാങ്ങുന്നത്. ഫാക്ടറികളിലെ എൻ.ഐ.ആർ. അനലൈ സർ ഉൾപ്പെടെയുള്ള അതിനൂതന ഉപകരണങ്ങളുടെ പിൻബലത്തോടെ നടത്തുന്ന പ്രാഥമിക പരിശോധനയിലൂടെ**

| | | | |
|---|---|---|---|
| | | | **നിശ്ചിത ഗുണനിലവാരം പുലർത്താത്ത വസ്തുക്കൾ തിരസ്കരിക്കുകയും പൂർണഗുണ നിലവാരമുള്ളവ മാത്രം കാലിത്തീറ്റയിൽ ചേർക്കുന്നതിനായി തിരഞ്ഞെടുക്കുകയും ചെയ്യുന്നു, ഇതുകൂടാതെ ഫാക്ടറികളിൽ ഉത്പാദിപ്പിക്കുന്ന കാലിത്തീറ്റയും കൃത്യമായ പരിശോധനയ്ക്ക് വിധേയമാക്കപ്പെടുന്നുണ്ട്. ഓരോ ഷിഫ്റ്റിലെയും തീറ്റകൾ കൃത്യമായി പരിശോധനയ്ക്ക് വിധേയമാക്കപ്പെടുന്നു. BIS നിഷ്കർഷിക്കുന്ന പ്രകാരമുള്ള ഗുണമേന്മയിൽ കാലികളുടെ ഉത്പാദനശേഷിക്ക് അനുസൃതമായി ഓരോ തരം കാലിതീറ്റയിലൂടെയും ലഭ്യമാക്കേണ്ടുന്ന ഗുണം (മാംസ്യം, കൊഴുപ്പ് നാരുകൾ ധാതുലവണങ്ങൾ എന്നിവ) കമ്പ്യൂട്ടർ വൽകൃതമായുള്ള ഫോർമുലേഷൻ പ്രകാരം തയ്യാറാക്കുന്നു. പൂർണ്ണമായും കമ്പ്യൂട്ടർ വൽക്കരിച്ച പ്ലാൻറുകളിൽ ഓട്ടോമേറ്റഡ് സംവിധാനം ഉപയോഗിച്ച് ചേരുവകളുടെ അളവും തൂക്കവും കൃത്യമായി സംയോജിപ്പിച്ചുകൊണ്ട് ഗുണനിലവാരം ഉറപ്പാക്കിയ സമീകൃത കാലിത്തീറ്റകൾ ഉൽപാദിപ്പിക്കപ്പെടുന്നു.**<br><br>**സംസ്ഥാനത്ത് കാലിത്തീറ്റ/കോഴിത്തീറ്റ എന്നിവയുടെ ഗുണ നിലവാരം പരിശോധിക്കുന്നതിന് NABL അക്രഡിറ്റേഷൻ ഉള്ള state dairy laborarory ക്ഷീരവികസന വകുപ്പിന്റെ കീഴിലും കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ മണ്ണുത്തി വെറ്ററിനറി കോളേജിലും പ്രവർത്തിക്കുന്നുണ്ട്.** |
| (ബി) | ഗുണമേന്മയുള്ള തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; | (ബി) | സംസ്ഥാനത്തെ തീറ്റപ്പുൽക്കൃഷി പ്രവർത്തനങ്ങൾക്കായുള്ള നോഡൽ ഏജൻസിയാണ് ക്ഷീര വികസന വകുപ്പ്. തീറ്റപ്പുൽ കൃഷി വികസനത്തിനായി വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.<br><br>1. കർഷകരും ക്ഷീരസംഘങ്ങളും മുഖേന തീറ്റപ്പുൽകൃഷി വ്യാപനം - തീറ്റപ്പുൽക്കൃഷിയുടെ വ്യാപനത്തിനായി ക്ഷീരകർഷകർക്കും, ക്ഷീരസംഘങ്ങൾക്കും വിവിധ പദ്ധതികളിലൂടെ ധനസഹായം നൽകി വരുന്നുണ്ട്. 20 സെന്റിന് മുകളിൽ ഹൈബ്രിഡ് നേപ്പിയർ കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 33000/- രൂപ ധനസഹായം നൽകുന്നു. 20 സെന്റിന് താഴെ ഹൈബ്രിഡ് നേപ്പിയർ കൃഷി ചെയ്യുന്നതിന് സൗജന്യമായി പുൽക്കട നൽകുന്നുണ്ട്.<br><br>2. ജലസേചന ധനസഹായം - ഒരേക്കറിൽ താഴെ തീറ്റപ്പുൽകൃഷിയ്ക്ക് -10000/- രൂപ വരെയും ഒരേക്കറിൽ |

കൂടുതൽ തീറ്റപ്പുൽകൃഷിയ്ക്ക് - 25000/- രൂപ വരെയും ധനസഹായം നൽകുന്നു.

3. യന്ത്രവൽക്കരണ ധനസഹായം - ചാഫ് കട്ടർ,ബ്രഷ് കട്ടർ മുതലായ യന്ത്രങ്ങൾ വാങ്ങുന്നതിനുള്ള പദ്ധതിയ്ക്ക് 10000/- രൂപ വരെ ധനസഹായം നൽകുന്നു.

4. വാണിജ്യാടിസ്ഥാനത്തിൽ തരിശു നിലത്തിൽ തീറ്റപ്പുൽ കൃഷി - ഒരു ഹെക്ടർ സ്ഥലത്ത് വാണിജ്യാടിസ്ഥാനത്തിൽ പുൽകൃഷി ചെയ്യുന്നതിന് വ്യക്തികൾ, ഗ്രൂപ്പുകൾ ,ക്ഷീരസംഘങ്ങൾ എന്നിവയ്ക്കുള്ള പദ്ധതിയിൽ ഒരു ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു.

5. ഫോഡർ ഹബ്സ്/ ഫോഡർ മാർക്കറ്റിംഗ് ( ജെ എൽ ജി/ എസ് എച്ച് ജി) - 1 ഏക്കർ സ്ഥലത്ത് വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽകൃഷി ചെയ്യുന്നതിനുള്ള പദ്ധതി: 75000/- രൂപ ധനസഹായം നൽകുന്നു.

6. ചോളം കൃഷി ചെയ്യുന്നതിനായി ക്ഷീരകർഷകർക്ക്- ഹെക്റിന് 15785/- രൂപ ധനസഹായം നൽകുന്നു.

7. ക്ഷീരവികസന വകുപ്പിന്റെ വിവിധ പരിശീലന കേന്ദ്രങ്ങൾ വഴി തീറ്റപ്പുൽകൃഷി നടത്തുന്നതിനുള്ള വിശദമായ പരിശീലനങ്ങൾ നൽകി വരുന്നുണ്ട്.

കേരളത്തിൽ കന്നുകാലികൾക്ക് വേണ്ട തീറ്റപ്പുൽ ലഭ്യമാക്കുന്നതിനായി കേരള ഫീഡ്സിന്റെ കീഴിലുള്ള കൃഷിയോഗ്യമായ തരിശു ഭൂമിയിൽ തീറ്റപ്പുൽ കൃഷി ചെയ്തു വരുന്നു. കമ്പനിയുടെ കല്ലേറ്റുംകര , കരുനാഗപ്പള്ളി, കോഴിക്കോട് യൂണിറ്റുകളിൽ ഏകദേശം 3 ഏക്കർ സ്ഥലത്താണ് കൃഷിയുള്ളത്. ഇതിൽ രണ്ടിടത്ത് വിളവെടുത്ത് തീറ്റപ്പുല്ല് കർഷകർക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവകലാശാലയുടെ ഡയറക്ടറേറ്റ് ഓഫ് എൻറർപ്രണർഷിപ്പിന്റെ കീഴിൽ 12 മാസം ദൈർഘ്യമുള്ള സ്റ്റൈപ്പൻഡറി പരിശീലന പാഠ്യപദ്ധതിയായ "Fodder Crop Development Army" (FCDA) വഴി കേരളത്തിലുടനീളം വർഷം മുഴുവനും ഗുണമേന്മയുള്ള തീറ്റപ്പുല്ല് ലഭ്യത ഉറപ്പ് വരുത്തുകയും അതുവഴി ക്ഷീര കൃഷിയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിലും ലക്ഷ്യം വെയ്ക്കുന്നു. ഓരോ വർഷവും 20 പരിശീലകരെ ഉൾപ്പെടുത്തി പരിശീലനം നടത്തുന്നതിനുള്ള പദ്ധതിയാണ് രൂപീകരിച്ചിട്ടുള്ളത്. നാളിതു വരെ 69

| | | | |
|---|---|---|---|
| | | | പേർക്ക് തീറ്റപ്പുൽ കൃഷിയിൽ പരിശീലനം നല്കിയിട്ടുണ്ട്. മണ്ണുത്തി ULF & FRDS-ൽ നിലവിൽ 20 ഏക്കറോളം ഭൂമിയിൽ ജലസേചന സൗകര്യത്തോടുകൂടിയും, 60 ഏക്കറോളം സ്ഥലത്ത് ജലസേചന സൗകര്യമില്ലാത്തതുമായി തീറ്റപ്പുൽ കൃഷി നടത്തുന്നുണ്ട്. |
| (സി) | തരിശുഭൂമിയിൽ പുൽക്കൃഷി പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | ഉണ്ട്.<br><br>2025-26 വർഷം തരിശുഭൂമിയിൽ വാണിജ്യാടിസ്ഥാനത്തിൽ പുൽക്കൃഷി പദ്ധതി പ്രകാരം 80 ഹെക്ടർ സ്ഥലത്ത് പുതിയതായി പുൽകൃഷി നടപ്പിലാക്കുന്നതിന് പദ്ധതി അംഗീകരിച്ചിട്ടുണ്ട്. ഹെക്ടറിന് 1 ലക്ഷം രൂപ വരെയാണ് ധനസഹായം. വ്യക്തികൾ- ക്ഷീരസംഘങ്ങൾ- ജെ.എൽ.ജി- രജിസ്റ്റർ ചെയ്ത മറ്റ് ഗ്രൂപ്പുകൾ എന്നിവർക്ക് ഈ പദ്ധതി പ്രകാരം ധനസഹായത്തിനു അർഹതയുണ്ട്.<br><br>ക്ഷീരവികസന വകുപ്പിന്റെ കീഴിൽ ജില്ലാ തലത്തിൽ ജില്ലാ ഫോഡർ ടാസ്ക് ഫോഴ്സ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന ഫോഡർ പോളിസിയുടെ ഭാഗമായി കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡുമായി സഹകരി ച്ച് 25 സെന്റിന് മുകളിൽ സ്ഥലം തരിശായി കിടക്കുന്ന മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ പുൽകൃഷി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കേരളത്തിൽ കന്നുകാലികൾക്ക് വേണ്ട തീറ്റപ്പുൽ ലഭ്യമാക്കുന്നതിനായി കേരള ഫീഡ്സിന്റെ കീഴിലുള്ള കൃഷിയോഗ്യമായ തരിശു ഭൂമിയിൽ തീറ്റപ്പുൽ കൃഷി ചെയ്തു വരുന്നു .ഗുണമേന്മയുള്ള തീറ്റപ്പുൽ വിഭവങ്ങളുടെ കുറവ് പരിഹരിക്കുന്നതിനും ക്ഷീരമേഖലയുടെ വികസനത്തിനായും ശാസ്ത്രീയമായ കൃഷി രീതികൾ അവലംബിച്ച് Directorate of Entrepreneurship-ന്റെ കീഴിൽ ULF & FRDS ൽ തുടങ്ങിയ ഒരു നൂതന സംരംഭകത്വ ആശയം ആണ് FCDA. സർവകലാശാലയുടെ ULF & FRDSന്റെ കീഴിലെ എല്ലാ കൃഷിയിടങ്ങളും ശാസ്ത്രീയമായ കൃഷി രീതികൾ അവലംബിച്ച് കൊണ്ടുള്ള തീറ്റപ്പുൽ കൃഷി FCDA ഉറപ്പ് വരുത്തുന്നു. |

സെക്ഷൻ ഓഫീസർ